ആബിദ് കോലിക്കര

# മാതൃകയാണീ മനുഷ്യൻ



ചില മനുഷ്യർ നമ്മെ വല്ലാതെ വിസ്മയിപ്പിക്കും. അവരുടെ കഥകൾ, നൻമകൾ, ഉള്ളിലെ സ്വപ്നങ്ങളെല്ലാം മറ്റുള്ളവർക്ക് വലിയ ഊർജമാണ് നൽകുക. ഇവർക്കൊക്കെ ഇത്രയൊക്കെ ചെയ്യാൻ സാധിക്കുമെങ്കിൽ എനിക്കും കുറേ ചെയ്യാൻ പറ്റുമല്ലോ എന്ന് അങ്ങനെ നമുക്ക് തോന്നും.

കൂട്ടുകാർ മുഹമ്മദ് മഹ്ബൂബ് മാലിക് എന്ന ചായക്കടക്കാരനെ കുറിച്ച് കേട്ടിട്ടുണ്ടോ..? ഉത്തർ പ്രദേശിലെ കാൺപൂരിലാണ് അദ്ദേഹത്തിന്റെ വീട്. നാൽപ്പത്തിയാറുകാരനായ മാലികിനെ ലോകമറിഞ്ഞത് ഇന്ത്യൻ ക്രിക്കറ്റ് താരമായിരുന്ന വി.വി.എസ് ലക്ഷ്മൺ ട്വിറ്ററിൽ പോസ്റ്റിട്ടപ്പോഴാണ്. ചായ വിറ്റ് കിട്ടുന്ന കാശിന്റെ എൺപതു ശതമാനവും നാൽപ്പത് ദരിദ്രരായ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ വേണ്ടി ചെലവഴിക്കുന്ന മാലികിനെ പറ്റിയാണ് ട്വിറ്ററിൽ ലക്ഷ്മൺ എഴുതിയത്. വലിയൊരു പ്രചോദനമാണ് ഇദ്ദേഹം എന്നും ലക്ഷ്മൺ എഴുതി.




തനിക്ക് ചെറുപ്പത്തിൽ വേണ്ടവിധം പഠിക്കാൻ പറ്റിയില്ല എന്നും, തെരുവിൽ യാചിക്കുന്ന കുട്ടികളെ കാണുമ്പോൾ എനിക്ക് ചെറുപ്പത്തിലെ എന്നെത്തന്നെയാണ് ഓർമ വരുന്നതെന്നും മാലിക് പറയുന്നു. അങ്ങനെ 2017-ലാണ് അദ്ദേഹം മാ തുജെ സലാം ഫൗണ്ടേഷൻ എന്ന എൻ.ജി.ഒ തുടങ്ങുന്നത്.

40 വിദ്യാർത്ഥികൾക്കുമുള്ള പുസ്തകങ്ങളും യൂണിഫോമുകളും മറ്റു സ്റ്റേഷനറി സാധനങ്ങളുമെല്ലാം നൽകുന്നത് മാലിക് ആണ്. പരീക്ഷാ ദിവസം വിദ്യാർത്ഥികൾക്ക് ചായയും സൗജന്യമാണ്.

കാശില്ലാത്തതിന്റെ പേരിൽ പഠിക്കാൻ കഴിയാത്ത അനവധി കുട്ടികളുണ്ട്. എന്നെക്കൊണ്ട് കുറച്ചു പേർക്കെങ്കിലും എന്തെങ്കിലും ഉപകാരം ചെയ്യാൻ ശ്രമിക്കണമല്ലോ എന്ന തോന്നലിൽനിന്നാണ് ഇങ്ങനെയൊരു പദ്ധതി മനസ്സിൽ വന്നതെന്നും മുഹമ്മദ് മഹ്ബൂബ് മാലിക് പറയുന്നു.

മുളകിന്റെ എരിവ് രേഖപ്പെടുത്തുന്ന യൂണിറ്റ് – സ്കോവില്ലെ ഹീറ്റ് യൂണിറ്റ്